10.ഐ.ടി.ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കിവരുന്നു.

ഹൗസ് പീലിംഗ് തൊഴിലാളികൾ

216 (4502) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൗസ് പീലിംഗ് തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി സമഗ്രമായ ഒരു പീലിംഗ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹൗസ് പീലിംഗ് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖാന്തരം രജിസ്ട്രേഷൻ നിലവിലില്ല. ആലപ്പുഴ ജില്ലയിൽ ജില്ലാ ലേബർ ഓഫീസിന്റെ പരിധിയിൽ അമ്പലപ്പുഴ മണ്ഡലത്തിൽ അമ്പലപ്പുഴ തെക്ക്-വടക്ക്, പുന്നപ്ര തെക്ക്-വടക്ക്, പുറക്കാട് എന്നീ പഞ്ചായത്തുകളിലായി ഏകദേശം 4000 തൊഴിലാളികളും, ചേർത്തല മണ്ഡലത്തിൽ വയലാർ, കടക്കരപ്പള്ളി എന്നീ പഞ്ചായത്തുകളിലായി ഏകദേശം 1000 തൊഴിലാളികളും അരൂർ മണ്ഡലത്തിൽ കുത്തിയതോട്, അരൂർ, ഏഴുപുന്ന, പാണാവള്ളി, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളിലായി ഏകദേശം 4000 തൊഴിലാളികളും പണിയെടുക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

തടി മിൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരണം

217 (4503) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തടി മില്ലുകളിൽ ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) കേരളത്തിലെ തടി മിൽ തൊഴിലാളികൾക്കുവേണ്ടി നിലവിൽ ക്ഷേമനിധി പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അവർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാമിൽ വർക്കേഴ്സ് ഫ്രാറം സംസ്ഥാന സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ നിവേദനത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ തടി മില്ലുകളിൽ (പെൻസിൽ, സ്ലാട്ട്, തീപ്പെട്ടിക്കൊള്ളി, പ്ലൈവുഡ്, പാക്കിംഗ് കെയ്സ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ) പണിയെടുക്കുന്ന 21724 തൊഴിലാളികൾ ഉണ്ട്.

(ബി) ഇല്ല.

(സി) തടിമിൽ തൊഴിലാളികൾക്ക് മാത്രമായി പുതിയ ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് പ്രായോഗികമല്ല. മില്ലുകൾ ഫാക്ടറീസ് & ബോയിലേഴ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളായതിനാൽ അവിടുത്തെ തൊഴിലാളികൾക്ക് കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗത്വമെടുക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സാമിൽ വർക്കേഴ്സ് ഫോറത്തിന്റെ നിവേദനത്തിലെ ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. തൊഴിൽ നിയമപ്രകാരമുള്ള പരിശോധന ബന്ധപ്പെട്ട അധികാരികൾ നടത്തുക.

2. സേവന വേതന വ്യവസ്ഥ നിശ്ചയിക്കുക.

3. അപകട പരിരക്ഷ കർശനമായി ഉറപ്പുവരുത്തുക.

4. ആരോഗ്യ പരിരക്ഷ നിർബന്ധമായും നടപ്പിലാക്കുക.

5. അവകാശ നിഷേധവും കള്ളക്കേസുകളും അവസാനിപ്പിക്കുക.

6. തടിമിൽ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുക.

(എഫ്) പരാതി പരിശോധിച്ച് ഉചിതമായ മറുപടി നിവേദകന് 4-12-2014-ൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly